## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ലോക മയക്കു മരുന്നു വിരുദ്ധ ദിനം 2017 – തിരുവനന്തപുരം കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യക്ക് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2132/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 27/06/2017

---

പരാമർശം:- ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യാ ഡയറക്ടറുടെ 30.05.2017 ലെ കത്ത്.

**ഉത്തരവ്**

ലോക മയക്കു മരുന്നു വിരുദ്ധ ദിനം 2017 ന്റെ ഭാഗമായി ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ജൂൺ 2 ന് ആരംഭിച്ച് ജൂൺ 26 ന് വി.ജെ.ടി ഹാളിൽ പൊതു പരിപാടികളോടെ സമാപിക്കുന്ന ലോക മയക്കുമരുന്ന് വിരുദ്ധ ദിനാചരണ പൊതുപരിപാടികളുടെ മുന്നോടിയായി എക്സൈസ്, പള്ളിപ്പുറം CRPF, NCC, സ്കൗട്ട്സ് & ഗൈഡ്സ്, സ്റ്റുഡന്റ്സ് കേന്ദ്ര പോലീസ് കേഡറ്റ്സ്, നഴ്സിംഗ് വിദ്യാർത്ഥികൾ, അനാസി കുടുംബജ്യോതി ഹെൽത്ത് വോളന്റിയർമാർ, ആന്റി നാർക്കോട്ടിക് യൂത്ത് ക്ലബ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കുന്ന ലഹരി വർജ്ജന സന്ദേശ വിളംബര റാലിയും നടത്തുന്നതാണെന്നും പരിപാടികളുടെ നടത്തിപ്പ് ചെലവുകൾക്കായി തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന് ഡയറക്ടർ, ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017 ജൂൺ 26 ന് തിരുവനന്തപുരത്ത് വി.ജെ.ടി ഹാളിൽ വച്ച് നടക്കുന്ന ലോക മയക്കു മരുന്ന് വിരുദ്ധ ദിനാചരണ പൊതുപരിപാടികളുടെ സമാപന ചെലവുകൾക്കായി നിലവിലുള്ള നിയമങ്ങൾക്കും കോർപ്പറേഷൻ കൗൺസിൽ തീരുമാനത്തിനും വിധേയമായി പരമാവധി 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപ വരെ തിരുവനന്തപുരം കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നഗരസഭയ്ക്ക് ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യ ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ.ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മേയർ/സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.
ഡയറക്ടർ, ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യ, കാട്ടാക്കട, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ധനകാര്യ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.